FRIDAY 05.01.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU


Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/01/2024

1. സംസ്ഥാനത്തു ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി ആർ.ഡി.ഒ. ഓഫിസുകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തുമെന്നു റവന്യൂ മന്ത്രി കെ. രാജൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജനുവരി 15നു മാനന്തവാടിയിൽ ആരംഭിച്ചു ഫെബ്രുവരി 17ന് ഫോർട്ട്കൊച്ചിയിൽ അവസാനിക്കത്തക്ക വിധമാണ് സംസ്ഥാനത്തെ 27 ആർ.ഡി.ഒ. ഓഫിസുകളിലുമായി അദാലത്ത് സംഘടിപ്പിക്കുന്നതെന്നും മന്ത്രി പറഞ്ഞു. മുഴുവൻ അദാലത്തുകളിലും റവന്യൂ വകുപ്പ് മന്ത്രി നേരിട്ട് പങ്കെടുക്കും. ആദ്യഘട്ടമായി സൗജന്യ തരം മാറ്റത്തിന് അർഹതയുള്ള അപേക്ഷകളാണ് അദാലത്തിലൂടെ തീർപ്പാക്കുക. 25 സെന്റ് വരെ വിസ്തൃതിയുള്ള ഭൂമിക്കാണ് സൗജന്യത്തിന് അർഹതയുള്ളത്. ഓരോ ആർ.ഡി.ഒ ഓഫീസുകളിലും 2023 ഡിസംബർ വരെ കുടിശ്ശിക ആയ ഇത്തരത്തിലുള്ള എല്ലാ അപേക്ഷകളും അദാലത്തിലേക്ക് പരിഗണിക്കും. അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ അക്ഷയ കേന്ദ്രവുമായി ബന്ധപ്പെട്ട് തങ്ങളുടെ അപേക്ഷകൾ അദാലത്തിൽ പരിഗണിക്കപ്പെടുമോ എന്ന് ഉറപ്പാക്കേണ്ടത് അദാലത്തിൽ പങ്കെടുക്കേണ്ടതുമാണ്. അദാലത്തിൽ തീർപ്പാക്കുന്ന അപേക്ഷകളുടെ തരം മാറ്റ ഉത്തരവുകൾ അന്നേ ദിവസം തന്നെ വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

2. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കരയിലുള്ള സെന്റർ ഫോർ ഇ-ലേണിംഗിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ) നെ തിരഞ്ഞെടുക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികൾക്കായി വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കായി https://kau.in/announcement/25384 സന്ദർശിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. ഭാരതീയ സുഗന്ധ വിള ഗവേഷണ കേന്ദ്രം (ഐ.ഐ.എസ്.ആർ) പുതുതായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയിലൂടെ, കുമ്മായവും ട്രൈക്കോഡെർമയും സംയോജിപ്പിച്ച് ഒറ്റ ഉല്പന്നമായി "ട്രൈക്കോലൈം"എന്ന പേരിൽ പുറത്തിറക്കുന്നു. കുമ്മായം അടിസ്ഥാനമാക്കിയുള്ള ഈ മിശ്രിതം ചെടികളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം മണ്ണിലെ അമ്ലതയെ നിയന്ത്രിക്കുകയും രോഗാണുക്കളിൽ നിന്നും വിളകളെ സംരക്ഷിക്കുകയും ചെയ്യുന്നു. മണ്ണിന്റെ ഘടനമെച്ചപ്പെടുത്തുന്നതിനും വിളകൾക്കാവശ്യമായ പോഷകലഭ്യത ഉറപ്പുവരുത്തുന്നതിനും ഇത് ഒരുപോലെ സഹായിക്കും

4. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ സർക്കാർ ഹാച്ചറി കോംപ്ലക്സിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻ കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് അഞ്ച് രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0475 2292899 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവകലാശാല ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ 'നഴ്സറി പരിപാലനവും പ്രജനന രീതികളും' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന അഞ്ചുദിവസത്തെ പ്രവർത്തി പരിചയ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് 2500 രൂപയാണ്. ആദ്യം ബുക്ക് ചെയ്യുന്ന 10 പേർക്കാണ് പ്രവേശനം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കാർഷിക

സർവകലാശാല സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2961457 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. പാലക്കാട് ജില്ലയിലെ ആലത്തൂർ വാനൂരിലുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ പാലക്കാട്, തൃശൂർ ജില്ലകളിലുള്ളവർക്ക് ക്ഷീരോത്പന്ന നിർമാണത്തിൽ പരിശീലനം നൽകുന്നു. ജനുവരി 11 മുതൽ 23 വരെയാണ് പരിശീലനം നടക്കുക. പരിശീലനത്തിൽ ക്ഷീരകർഷകർ, കുടുംബശ്രീ അംഗങ്ങൾ, സംരംഭകർ എന്നിവർക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ ജനുവരി 8 ന് വൈകുന്നേരം 3 ന് മുമ്പ് രജിസ്റ്റർ ചെയ്യുക. 135 രൂപയാണ് പ്രവേശന ഫീസ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ/തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതാണ്. dtcalathur@gmail.com എന്ന ഇമെയിലിലോ 9446972314, 9496839675, 9544554288, 04922-226040 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ രജിസ്റ്റർ ചെയ്യുക.

7. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 10 മുതൽ 22 വരെയുള്ള 10 ദിവസങ്ങളിലായി 'ക്ഷീരോത്പന്ന നിർമ്മാണ പരിശീലന'. പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള ക്ഷീര കർഷകർക്കും സംരഭകർക്കും ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനാർത്ഥികൾ 2024 ജനുവരി 09 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

8. റബ്ബർമരങ്ങളെ ബാധിക്കുന്ന മഞ്ഞുകാലരോഗങ്ങൾ, അവയുടെ നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് 2024 ജനുവരി 05 വെള്ളിയാഴ്ച രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എഡ്വിൻ പ്രേം ഇ. ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ 04812576622.

9. തിരുവനന്തപുരം ജില്ലയിലെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 8 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ "ശാസ്ത്രീയമായ പശു പരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ ജനുവരി 6-ാം തീയതിയ്ക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.